ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION



"ആത്മീയ തീക്ഷ്ണതയും ഗൗരവവും"
(തിരുവചന ചിന്തകൾ)

MAY
2024

CONTENTS

- **തിരുവചന ചിന്തകൾ** :
  " **ആത്മീയ തീക്ഷ്ണതയും ഗൗരവവും**". Page - 03

- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ** Page - 14

"ആത്മീയ തീക്ഷ്ണതയും ഗൗരവവും"

(തിരുവചന ചിന്തകൾ)

നമ്മുടെ ക്രിസ്തീയ ജീവിതം എത്രമാത്രം ഗൗരവമുള്ളതാണ്?

ക്രിസ്തീയ ജീവിതത്തിലെ കാതലായ ഒരു ചോദ്യമാണ് ഇത്. ഗൗരവം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് മുഖഭാവങ്ങളെയോ ചേഷ്ടകളെയോ അല്ല, മറിച്ചു, എത്ര മാത്രം കാര്യപ്രസക്തമായാണ് നാം നമ്മുടെ ക്രിസ്തീയ ജീവിതത്തിലെ ചെറുതും വലുതുമായ കാര്യങ്ങളെ വിശകലനം ചെയ്യുന്നതെന്നും എത്ര ആഴത്തിലാണ് നാം ക്രിസ്തുവിനോട് ചേർന്നിരിക്കുന്നതും എന്നതുമാണ്.

ക്രിസ്തീയ ജീവിതത്തെ അത്ര ഗൗരവമായി എടുക്കേണ്ടതുണ്ടോ ? അത് ഒരു ജീവിത യാത്രയിൽ സ്വയമേ സംഭവിക്കേണ്ടതല്ലയോ ?

ഉത്തരം, ക്രിസ്തീയ ജീവിതത്തോടുള്ള നമ്മുടെ വീക്ഷണം നമ്മുടെ രക്ഷകനായ ക്രിസ്തുവിനോടുള്ള വീക്ഷണമാണ്. അതായതു, ദൈവം എന്നത് ചിലർക്ക് ഒരു ദൂരസ്ഥനായ ശക്തിയാണ്, ചിലർക്കു ഒരു അഥിതിയാണ്, മറ്റുചിലർക്കു തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുതരുന്ന ഒരു ഉപാധിയാണ്. എന്നാൽ ചുരുക്കം ചിലർക്കാകട്ടെ, ദൈവം രക്ഷകനും നാഥനും ഉടയവനും പിതാവും നല്ല സഹായകനും കൂട്ടാളിയും വീണ്ടെടുപ്പുകാരനും മണവാളനുമാണ്. ഇതാണ് ക്രിസ്തുവിനോടുള്ള വീക്ഷണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അങ്ങനെയെങ്കിൽ, ദൈവത്തിനു നാം നമ്മുടെ ഹൃദയത്തിൽ കൊടുക്കുന്ന സ്ഥാനമാണ് മേൽപ്പറഞ്ഞ ഗൗരവത്തിന്റെ അടിസ്ഥാനം.

നാം ആരുംതന്നെ അനാവശ്യമായും കാരണം കൂടാതെയും യാത്ര ചെയ്യുന്നവരല്ല. ചെറുതെങ്കിലും എല്ലാ യാത്രകൾക്കും ഒരു കാരണമുണ്ടാകും. ആ കാരണമാണ് യാത്രയ്ക്കു ആധാരം. ക്രിസ്തീയ ജീവിതം ഒരു ആത്മീയ യാത്രയാണ്. വളരെ ഗൗരവമായി മാത്രമേ ആ യാത്ര നാം ചെയ്യാൻ പാടുള്ളു.

ചുറ്റും ഒന്നു കണ്ണോടിച്ചുനോക്കുക. ആത്മീയ ജീവിതത്തെ യാതൊരു ഗൗരവുംകൂടാതെ കാണുന്ന ക്രൈസ്തവരെയാണ് ചുറ്റുപാടും നാം കാണുന്നത്. ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തെ നമുക്കു ഇവിടെ എടുത്തുപറയുവാൻ കഴിയുകയില്ല. കാരണം ക്രിസ്തീയ ജീവിതത്തിലെ ഗൗരവം നഷ്ടപ്പെട്ടതിന്റെ ഉത്തരവാദിത്വം എല്ലായ്പ്പോഴും നാം സ്വയം ഏറ്റെടുത്തുകൊണ്ട് ക്രിസ്തുവിങ്കലേക്കു വരുമ്പോൾ നാം ശരിയുടെ വഴിയിലേക്കു താനേ പ്രവേശിക്കും.

പുതിയനിയമത്തിലൂടെ ലേഖനങ്ങളെല്ലാം ക്രിസ്തുവിൽ നാം ആരാണെന്നു നമുക്കു ബോദ്ധ്യം വരുത്തുന്നവയാണ്. ക്രിസ്തുവിലെ നമ്മുടെ IDENTITY വളരെ പ്രധാനമാണ്. അതു തിരിച്ചറിയാതെ നമുക്കു മേൽപ്പറഞ്ഞ യാത്ര ആരംഭിക്കുവാൻ കഴിയുകയില്ല. ഓർക്കുക, ഈ ആത്മീയ യാത്രയിൽ നമ്മുടെ നിയന്ത്രിതാവും കൂട്ടാളിയും ഉപദേഷ്ട്ടാവും പരിശുദ്ധാത്മാവു മാത്രമായിരിക്കണം.

ദൈവം ആരാണെന്നും പുത്രനായ യേശുക്രിസ്തുവിലൂടെയുള്ള വീണ്ടുടുപ്പുമൂലം നമുക്കെന്തുസംഭവിച്ചുമെന്നും ലേഖനങ്ങൾ വെളിപ്പെടുത്തുന്നുണ്ട്.

ഗലാത്യർ 3:26-28
26.ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു.
27.ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങള് എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു.
28.അതിൽ യെഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ

എഫെസ്യർ 1:4-14
4.നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്നു അവൻ ലോകസ്ഥാപനത്തിന്നു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കയും

5.തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തുമുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന്നു
6.അവൻ പ്രിയനായവനിൽ നമുക്കു സൌജന്യമായി നല്കിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചെക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലോ.
7.അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പു ഉണ്ടു.
8.അതു അവൻ നമുക്കു താൻ ധാരാളമായി കാണിച്ച കൃപാധനപ്രകാരം സകലജ്ഞാനവും വിവേകവുമായി നല്കിയിരിക്കുന്നു.
9.അവനിൽ താൻ മുന്നിർണ്ണയിച്ച തന്റെ പ്രസാദത്തിന്നു തക്കവണ്ണം തന്റെ ഹിതത്തിന്റെ മർമ്മം അവൻ നമ്മോടു അറിയിച്ചു.
10.അതു സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതു എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായിക്കൊണ്ടു തന്നേ.
11.അവനിൽ നാം അവകാശവും പ്രാപിച്ചു, തന്റെ ഹിതത്തിന്റെ ആലോചനപോലെ സകലവും പ്രവർത്തിക്കുന്നവന്റെ നിർണ്ണയപ്രകാരം മുന്നിയമിക്കപ്പെട്ടതു മുമ്പിൽകൂട്ടി
12.ക്രിസ്തുവിൽ ആശവെച്ചവരായ ഞങ്ങൾ അവന്റെ മഹത്വത്തിന്റെ പുകഴ്ചെക്കാകേണ്ടതിന്നു തന്നേ.
13.അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും ചെയ്തിട്ടു,
14.തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിന്നു വേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചെക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു.

യേശുക്രിസ്തുവിലൂടെ നാം ദൈവത്തിന്റെ മക്കളായും സ്വർഗ്ഗീയ അവകാശികളായും തീർന്നിരിക്കുന്നു. അങ്ങനെയെങ്കിൽ ദൈവത്തിന്റെ മക്കളായ, സ്വർഗ്ഗീയ അവകാശികളായ നമ്മുടെ ജീവിതത്തിലും പ്രവൃത്തിയിലും സകല വികാരവിചാരങ്ങളിലും പരിശുദ്ധാത്മാവു മൂലം ആ 'ഗൗരവകരമായ മാറ്റം' ഉണ്ടായേ തീരൂ. അതേസമയം ഈ ഗൗരവത്തിന്റെ അതിപ്രസരം മൂലം ക്രിസ്തുവില്ലാതെ ഗൗരവത്തിൽ മാത്രം നിലകൊള്ളുന്നതും അപകടകരമാണ്. അത് നമ്മിലെത്തന്നെ പരീശത്തെ വളർത്തുവാനേ സഹായകരമാവുകയുള്ളു.

ആത്മീയനിലെ പരീശത്വം ദിനംതോറും മുറിച്ചുമാറ്റേണ്ടുന്ന മുൾച്ചെടിയാണ്. ആത്മീയജീവിതത്തിലേ ഗൗരവം പരീശത്വത്തെ അറിയുന്നതേയില്ല.

ആത്മീയ ജീവിതത്തിലെ ഗൗരവം എന്തെണെന്നു ചിന്തിക്കാം.
യിസഹാക്കിനെ യാഗം കഴിക്കുവാൻ അബ്രഹാമിനെ ദൈവം വിളിക്കുന്നത് നാം ഉല്പത്തി (അദ്ധ്യായം 22) ൽ കാണുന്നു.

ഉല്പത്തി 22:2
2.അപ്പോൾ അവൻ: നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെതന്നെ, കൂട്ടിക്കൊണ്ടു മോറിയാദേശത്തു ചെന്ന്, അവിടെ ഞാൻ നിന്നോട് കല്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക എന്ന് അരുളിച്ചെയ്തു.

ദൈവം രാത്രിയിൽ സംസാരിച്ചതുമുതൽ ഏതാണ്ട് മൂന്നുദിവസത്തിൽകൂടുതൽ അബ്രഹാം യിസഹാക്കിനോപ്പം മോറിയ മലയിലേക്കുള്ള യാത്രയിൽ ആയിരുന്നു. അതൊരു ചെറിയ സമയം അല്ല. തന്റെ ഏക മകനെ ഇപ്രകാരം യാഗം കഴിക്കണമോ വേണ്ടയോ എന്ന് യുക്തിയിലും മനസ്സിലും ചിന്തിക്കുവാൻ ആ സമയം മതിയായതാണ്. കാരണം ഈ മൂന്നു ദിവസവും മറ്റൊരു ചിന്തയും അബ്രഹാമിനെ ബാധിക്കുവാൻ സാദ്ധ്യതയില്ല. എന്നാൽ അബ്രഹാം ചെയ്തതു നോക്കുക, കഴിഞ്ഞ മൂന്നു പകലും മൂന്നു രാത്രിയും ചിന്തിച്ചുകൊണ്ട് തിരികെ പോകുവാൻ അവസരം ഉണ്ടായിട്ടും അങ്ങനെ ചെയ്യാതെ യിസഹാക്കിനെ യാഗത്തിനായി കൊണ്ടുപോകുന്ന അബ്രാഹാമിൻറെ അനുസരണത്തെയാണ് ആത്മീയ ഗൗരവം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

ഉല്പത്തി 22:12
12.ബാലന്റെമേൽ കൈവയ്ക്കരുത്; അവനോട് ഒന്നും ചെയ്യരുത്; നിന്റെ ഏകജാതനായ മകനെ തരുവാൻ നീ മടിക്കായ്കകൊണ്ട് നീ ദൈവത്തെ ഭയപ്പെടുന്നു എന്നു ഞാൻ ഇപ്പോൾ അറിയുന്നു എന്ന് അവൻ അരുളിച്ചെയ്തു.

ഏകജാതനായ സ്വന്ത മകനെപോലും തരുവാൻ മടിക്കാത്ത അബ്രഹാമാണ് ആ മലയിൽ നിന്നും തിരിച്ചിറങ്ങുന്നത്. മലയിലേക്കു കയറുമ്പോൾ, ചിന്തകളുടെ ഒരു പെരുമ്പറമുഴക്കമായിരുന്നു അബ്രഹാമിന്റെ ഉള്ളിലുണ്ടായിരുന്നത്, എന്നാൽ അതേ മല തിരികെയിറങ്ങുമ്പോൾ എന്റെ ദൈവം തനിക്കും തന്റെ സകല തലമുറകൾക്കും ആരാണെന്നുള്ള ബോദ്ധ്യത്തിലാണ് അദ്ദേഹം ഇറങ്ങിവരുന്നത്.

സർവ്വശക്തനായ ദൈവം അബ്രഹാമിന്റെ ഗൗരവത്തെ മുഖാമുഖം കണ്ടു. ദൈവത്തോടുള്ള അനുസരണയിൽ ആത്മീയ ഗൗരവം പ്രതിഫലിക്കും.

ഉല്പത്തി 22:17
17.ഞാൻ നിന്നെ ഐശ്വര്യമായി അനുഗ്രഹിക്കും; നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾപോലെയും കടൽക്കരയിലെ മണൽപോലെയും അത്യന്തം വർധിപ്പിക്കും; നിന്റെ സന്തതി ശത്രുക്കളുടെ പട്ടണങ്ങളെ കൈവശമാക്കും.

ഒരു മകനുമായി മല കയറിയ അബ്രഹാം തിരികെ ഇറങ്ങുന്നത് തന്റെ മകനുമായി മാത്രമല്ല, തന്നിലൂടെ വരുവാനുള്ള സകല സന്തതികളുടെയും അനുഗ്രഹവുമായിട്ടാണ്! നോക്കൂ, ആത്മീയ ഗൗരവം ദൈവത്തിന്റെ ഹൃദയത്തിലെ ആലോചനകളെയും പദ്ധതികളേയും നമുക്കായി പുറത്തുകൊണ്ടുവരുവാൻ മതിയായവയാണ്.

നമ്മുടെ ആത്മീയ യാത്രയിലും നാം ദൈവത്തോട് ഇടപെടുന്നത് കാര്യഗൗരവത്തോടെയാണെങ്കിൽ ആ യാത്രയിലുടനീളം ദൈവത്തിന്റെ ശക്തമായ ഇടപെടലുകൾ നമുക്കനുഭവിക്കാൻ കഴിയും.
ദൈവത്തെ മുഖാമുഖം അനുഭവിച്ച മോശയുടെ ജീവിതത്തിൽ ഈ ആത്മീയ ഗൗരവവും തീഷ്ണതയും ദൈവത്തെ മോശയിലേക്കു അധികം അടുപ്പിക്കുന്നതിനു കാരണമായി.

നാടകീയമായതും അർത്ഥശൂന്യവുമായ ആത്മീയജീവിതം അനുകരണീയമല്ല. അവ ദൈവീക ശുശ്രൂഷയിലേക്കു നമ്മെ ഒരുനാളും അടുപ്പിക്കുകയില്ല.

ആത്മീയ തീഷ്ണതയുടെയും ഗൗരവത്തിന്റെയും നട്ടെല്ലെന്നുപറയുന്നത് ക്രിസ്തുവിലെ നമ്മുടെ സ്ഥിരതയാണ്. പൂർണ്ണനിശ്ചയത്തോടുകൂടി സ്ഥിരമനസ്സരായിരുന്നുകൊണ്ടുവേണം നാം ദൈവത്തിൽ വളരുവാൻ. ആ വളർച്ച നിശ്ചയമായും ദൈവം പ്രസാദിക്കുന്ന യാഗത്തിലേക്കു നമ്മെ എത്തിക്കും.

യഹോവയാം ദൈവം താൻ ചെയ്യുവാൻപോകുന്ന സകലവും അബ്രഹാമിനോട് വെളിപ്പെടുത്തുവാൻ കാരണമായത് അബ്രഹാമിന്റെയുള്ളിലെ ദൈവത്തോടുള്ള തീഷ്ണതമൂലമാണ്. നോക്കൂ, വാക്കിൽ തീഷ്ണതയും ഗൗരവും വച്ചുപുലർത്തുവാൻ നമുക്കു സ്വതവേ കഴിഞ്ഞേക്കാം. എന്നാൽ ദൈവവുമായുള്ള ബന്ധത്തിലാണ് ഇത് ദൈവം ആഗ്രഹിക്കുന്നത്.

മോറിയ മല കയറുന്നതിനുമുമ്പുതന്നേ ദൈവത്തോടുള്ള അനുസരണത്താൽ അബ്രഹാം ഇസഹാക്കിനെ ഹൃദയംകൊണ്ടു യാഗം കഴിച്ചിരുന്നു.

എബ്രായർ 11:17-19
17.വിശ്വാസത്താൽ അബ്രാഹാം താൻ പരീക്ഷിക്കപ്പെട്ടപ്പോൾ യിസ്ഹാക്കിനെ യാഗം അർപ്പിച്ചു.
18.യിസ്ഹാക്കിൽനിന്നു ജനിക്കുന്നവർ നിന്റെ സന്തതി എന്നു വിളിക്കപ്പെടും എന്നു അരുളപ്പാടു ലഭിച്ചു വാഗ്ദത്തങ്ങളെ കൈക്കൊണ്ടവൻ തന്റെ ഏകജാതനെ അർപ്പിച്ചു;
19.മരിച്ചവരുടെ ഇടയിൽനിന്നു ഉയിർപ്പിപ്പാൻ ദൈവം ശക്തൻ എന്നു എണ്ണുകയും അവരുടെ ഇടയിൽനിന്നു എഴുന്നേറ്റവനെപ്പോലെ അവനെ തിരികെ പ്രാപിക്കയും ചെയ്തു.

ആത്മീയ തീഷ്ണതയും ഗൗരവവും ദൈവാത്മാവിനാൽ നമ്മുടെയുള്ളിൽ വളരേണ്ടുന്നവയാണ്. പുറമെ അവ നാം ഉണ്ടാക്കിയെടുത്താലും അവ ദൈവത്തിനു നിർജീവമായിരിക്കും

യേശുവിന്റെ ശിഷ്യന്മാരെയും ആദിമസഭയേയും നോക്കുക. അവരെല്ലാം ദൈവത്തിനായി ജീവിച്ചതിന്റെ പിന്നിലെ ബോദ്ധ്യമെന്താണ് ? അവർ പിൻചെന്നത് വാസ്തവമായും ക്രിസ്തുവിനെയായിരുന്നു. യേശുക്രിസ്തുവിനെക്കൂടാതെ മറ്റു യാതൊന്നും അവർ മുൻപിൽ കണ്ടില്ല.പീഡയേൽക്കുവാനും രക്തസാക്ഷികളാകുവാനുമായി അവർ നയിക്കപ്പെട്ടപ്പോഴും വികാരങ്ങളല്ല അവരെ നടത്തിയത് പ്രത്യുത, ക്രിസ്തുവിലെ പ്രത്യാശയാൽ അവരിൽ ഉളവായ ആത്മീയ ഗൗരവമായിരുന്നു. ഒരു നേരം പോക്കിനായി യേശുവിന്റെ കൂടെ നടന്നവരാരും രക്തസാക്ഷിത്വം വഹിച്ചില്ല. അത് അവർക്കു കഴിയുമായിരുന്നില്ല. ദൈവത്തിനായുള്ള ആത്മീയ തീഷ്ണതയും ഒരുക്കവുമായിരുന്നു ദൈവത്തിനായി അവരെ ജീവിക്കുവാൻ പ്രേരിപ്പിച്ചതും നയിച്ചതും. ഈ തലമുറയിലെ ക്രൈസ്തവരാണ് നാം. ആത്മീയമായ എന്തു ഗൗരവമാണ് നാം വച്ചുപുലർത്തുന്നത് ? ദൈവത്തിനു നാം മരിച്ചവർ ആണോ അതോ ജീവിക്കുന്നവരോ ?

ആത്മീയ ഗൗരവം എവിടെനിന്നാണ് ജനിക്കുന്നതെന്നു നമുക്കു ചിന്തിക്കാം.

ഭയത്തിൽനിന്നും ഒരുനാളും ജനിക്കാൻ ഇടയില്ലാത്ത ഒരു മർമ്മമാണ് ആത്മീയ ഗൗരവം എന്നത്. അത് ദൈവത്തോടുള്ള സ്നേഹബന്ധത്തത്തിൽനിന്നുമാത്രമേ ഉടലെടുക്കുകയുള്ളൂ.

ഹാബേലിന്റെയും കയ്യിന്റെയും യാഗത്തെക്കുറിച്ചു നാം ഉല്പത്തി പുസ്തകത്തിൽ വായിക്കുന്നുണ്ട്. അവിടെ ദൈവം കയിനിലും അവന്റെ യാഗത്തിലും പ്രസാദിച്ചില്ല എന്ന് എഴുതിയിരിക്കുന്നതായി നാം കാണുന്നു. (ഉല്പത്തി 4:4-5).

കയ്യിൻ, ഹാബേലിനെപോലെ യാഗവസ്തു ദൈവത്തിനായി കൊണ്ടുവന്നു. എന്നാൽ ഹാബേൽ യാഗവസ്തുവിനോടൊപ്പം തന്റെ മനസ്സും/ഹൃദയവും ദൈവത്തിനായി കാഴ്ചവച്ചു.കയ്യിനോ, യാഗവസ്തുവിനെമാത്രം ദൈവത്തിന്റെ മുൻപിലേക്കു കൊണ്ടുവന്നു.

ദൈവത്തോടുള്ള സ്നേഹം വർദ്ധിക്കുമ്പോൾ ദൈവത്തിനായി നമ്മുടെ മനസ്സും ഹൃദയവും താനേ നാം നൽകുന്നു. അത് മാത്രമാണ് ദൈവം ആഗ്രഹിക്കുന്നതും.ഹാബെലിനു ദൈവത്തോടുള്ള സ്നേഹം ഒരേസമയം ഹൃദയത്തിൽനിന്നും യാഗത്തിൽനിന്നും പ്രദർശിപ്പിക്കപ്പെട്ടു.

ഹാബേലിനു യാഗം എന്നതു തനിക്കു ദൈവത്തോടുള്ള ഗൗരവകരമായ ബന്ധത്തിന്റെ പ്രദർശനം തന്നെയായിരുന്നു. അത് സ്നേഹത്തിൽനിന്നും ഉത്ഭവിച്ചതായിരുന്നു.

വാസ്തവത്തിൽ ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തിന്റെ വഴികളിൽ മാത്രമേ ആത്മീയ ഗൗരവം കാണാൻ കഴിയുകയുള്ളൂ. പത്രോസിന്റെ ജീവിതത്തിലെ ഈ സംഭവം നമുക്കു ചിന്തിക്കാം.

യോഹന്നാൻ 21:15-17
15.അവർ പ്രാതൽ കഴിച്ചശേഷം യേശു ശിമോൻപത്രൊസിനോടു: യോഹന്നാന്റെ മകനായ ശിമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. അതിന്നു അവൻ: ഉവ്വു, കർത്താവേ, എനിക്കു നിന്നോടു പ്രിയമുണ്ടു എന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ മേയ്ക്ക എന്നു അവൻ അവനോടു പറഞ്ഞു.
16. രണ്ടാമതും അവനോടു: യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. അതിന്നു അവൻ ഉവ്വു കർത്താവേ, എനിക്കു നിന്നോടു പ്രിയമുണ്ടു എന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ ആടുകളെ പാലിക്ക എന്നു അവൻ അവനോടു പറഞ്ഞു.
17. മൂന്നാമതും അവനോടു: യോഹന്നാന്റെ മകനായ ശിമോനേ, നിനക്കു എന്നോടു പ്രിയമുണ്ടോ എന്നു ചോദിച്ചു. എന്നോടു പ്രിയമുണ്ടോ എന്നു മൂന്നാമതും ചോദിക്കയാൽ പത്രൊസ് ദുഃഖിച്ചു: കർത്താവേ, നീ സകലവും അറിയുന്നു; എനിക്കു നിന്നോടു പ്രിയമുണ്ടു എന്നും നീ അറിയുന്നു എന്നു അവനോടു പറഞ്ഞു. യേശു അവനോടു: എന്റെ ആടുകളെ മേയ്ക്ക.

മൂന്നുവട്ടം ഒരേ ചോദ്യവും മൂന്നുതവണ ഉത്തരങ്ങളും നാം ഇവിടെ കാണുന്നു. യേശുവിന്റെ ചോദ്യം പത്രോസിന്റെ ഭൂതകാലത്തിൽ തുടങ്ങി ഭാവിയിൽ താൻ വരിക്കുവാൻ പോവുന്ന മരണത്തെവരെയും സ്പർശിക്കുന്നതായിരുന്നു. ദൈവത്തിന്റെ കുഞ്ഞാടുകളെ മേയ്ക്കുവാൻ, പൂർണ്ണഹൃദയത്തിൽനിന്നും ദൈവസ്നേഹത്താൽ ഉത്ഭവിച്ച ആത്മീയ ഗൗരവം യേശു പത്രോസിൽനിന്നും പ്രതീക്ഷിച്ചിരുന്നു. അതു ഏറ്റുപറഞ്ഞുകൊണ്ടു ആത്മീയ ഗൗരവത്തിൽ നിലനിന്നുകൊണ്ടുള്ള ഒരു ഉടമ്പടിയിലേക്കാണ് പത്രോസിനെ യേശു കൂട്ടികൊണ്ടുപോവുന്നത്.

ആത്മീയ ജീവിതം ഒരു കെട്ടുകാഴ്ചയല്ല, കെട്ടുകഥയുമല്ല. അതിൽ ജീവിച്ചവർ ദൈവത്തോടുകൂടി തങ്ങളുടെ അനുഭവങ്ങളെ പങ്കിട്ടവരായിരുന്നു. അവർ മറ്റാരോടും സംസാരിച്ചതിലധികം ദൈവത്തോടു സംസാരിച്ചിരുന്നു. അവർ കാര്യപ്രസക്തമായാണ് ദൈവരാജ്യത്തെ കണ്ടത്.

മറ്റെല്ലാ സംസാരങ്ങളും ഇടയ്ക്കുവച്ചു മുറിയപ്പെട്ടേക്കാം. എന്നാൽ ദൈവത്തോട് ഇന്ന് നാം സംസാരിച്ചുതുടങ്ങുന്നുവെങ്കിൽ അതൊരിക്കലും, മരണശേഷവും നിലച്ചുപോവുകയില്ല.

1 പത്രോസ് 2 : 9.
9.നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു.

പത്രോസിന്റെ ലേഖനത്തിൽ കാണുന്ന ഈ വാക്യങ്ങൾ ഈ അവസരത്തിൽ വളരെ ശ്രദ്ദേയമാണ്.

ഒരു അത്ഭുതപ്രകാശത്തിലേക്കു കടന്നുവന്നവരെക്കുറിച്ചാണ് പത്രോസിലൂടെ ദൈവാത്മാവ് പറയുന്നത്. ആ അത്ഭുതപ്രകാശം (marvelous light) ഒരു സൃഷിയല്ല പ്രത്യുത, സൃഷ്ടാവായ ദൈവമാണ്. അന്ധകാരമെന്നതോ, സാത്താനും അവന്റെ സൈന്യത്തിനും അധികാരമുള്ള ഇടമാണ്. ആ ഇടത്തുനിന്നും ദൈവം നമ്മെ മറ്റൊരു ഇടത്തേക്കു പറിച്ചുനടുകയല്ല ചെയ്തത്. മറിച്ചു, ദൈവമാകുന്നു അത്ഭുത പ്രകാശത്തിലേക്കു (ആ തീഷ്ണതയിലേക്കു) നമ്മെ ഏറ്റെടുക്കുകയായിരുന്നു. കാരണം, അന്ധകാരത്തിൽനിന്നു മറ്റേതെങ്കിലും ഒരു പ്രകാശത്തിലേക്കാണ് നാം മാറ്റപ്പെട്ടിരുന്നതെങ്കിൽ ആ ഇടവും സാത്താനാൽ അന്ധകാരമായിത്തീർന്നേനെ. എന്നാൽ നമ്മുടെ പിതാവാംദൈവം പുത്രനായ യേശുക്രിസ്തുമുഖാന്തിരം അത്ഭുതപ്രകാശമാകുന്ന ദൈവത്തിങ്കലേക്കുതന്നെയാണ് നമ്മെ വിളിച്ചുകയറ്റിയിരിക്കുന്നത്. ഈ വിളിയുടെ വിലയാണ് യേശുവിന്റെ രക്തം.

നമ്മെ എന്തെങ്കിലുമൊക്കെ ആക്കുവാൻ യേശുവിനു തന്റെ സ്വന്ത ജീവൻ നമുക്കായി നൽകേണ്ട ആവശ്യമില്ലായിരുന്നു. എന്നാൽ ഈ അത്ഭുതപ്രകാശം സാക്ഷാൽ ദൈവംതന്നെയാകയാൽ ആ ദൈവത്തിങ്കലേക്കുള്ള പ്രവേശനത്തിന് പാപത്താൽ കളങ്കപ്പെടുത്ത തന്റെ തിരുരക്തം നമുക്കു ആവശ്യമായിവന്നു.

നോക്കൂ, നാം ചിന്തിച്ചിരുന്നതുപോലെ അത്ഭുതപ്രകാശം മറ്റൊരു ഉയർന്ന താലമോ സ്ഥലമോ അല്ല. അത് ദൈവഹൃദയമാണ്. മരണശേഷവും നാം ഏതാനുംചില മണിക്കുറുകൾ മറ്റു ഹൃദയങ്ങളിൽ ജീവിക്കും. എന്നാൽ ദൈവഹൃദയത്തിൽ നാം ഇപ്പോഴും സ്ഥിരമായും ജീവിക്കും. നാം ഇടംപിടിക്കുന്നുവെങ്കിൽ, അത് ദൈവഹൃദയത്തിൽ ആയിരിക്കട്ടെ.

ഈ അത്ഭുതപ്രകാശത്തിലേക്കു നാം ഏതു മനോഭാവത്തോടും ജീവിതത്തോടുംകൂടിയാണ് കയറിചെല്ലേണ്ടുന്നത്? ദൈവം നമ്മെ വിളിച്ചിരിക്കുന്നത്, ദൈവീകമായ ആ ഗൗരവത്തോടുകൂടി (spiritual seriousness) ദൈവത്തിൽ നിത്യവും വസിക്കുവാനാണ്. അഥവാ, യേശുവിന്റെ രക്തത്തിന്റെ വിലയിൽ നാം സ്ഥിരമായി നിലനിൽകുവാൻ നമുക്കു ദൈവീകമായ / ആത്മീയ ഗൗരവം കൂടിയേതീരൂ.

നല്ല സമരിയക്കാരനെക്കുറിച്ചു നാം വായിക്കുമ്പോൾ, മുറിവേറ്റവനുവേണ്ടി ഹൃദയപൂർവം സമയവും സകലവും ചിലവഴിക്കുന്ന സമരിയക്കാരനെയാണ് നാം കാണുന്നത്. വഴിയമ്പലത്തിൽ, അവിടുത്തെ സൂക്ഷിപ്പുകാരനോട് ഇനിയും ആവശ്യമെങ്കിൽ ഞാൻ നൽകാം എന്ന് പറയുന്നയിടത്തും മുറിവേറ്റവനെ രക്ഷിച്ചതിന്റെ വില മറ്റാരുമല്ല താൻ തന്നേ പൂർണ്ണമായും നല്കും എന്ന ഉറപ്പുകൂടിയാണ് നൽകുന്നത്. ഈ ഉറപ്പുനൽകുവാൻ ആർക്കാണ് കഴിയുന്നത് ? നോക്കൂ, ക്രിസ്തീയ ജീവിതം ആത്മീയ ഗൗരവം നിറഞ്ഞതുതന്നേയാണ്. ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധിയായി ഉണ്ടാകുവാനുമാണ് ദൈവം ആഗ്രഹിക്കുന്നത്.

അത്ഭുതപ്രകശത്തിലേക്കുള്ള നമ്മുടെ പ്രവേശനം വെറും ആവശ്യമോ ആവേശമോ മാത്രം നിറഞ്ഞതാവരുത്.വിളിച്ച ദൈവത്തിന്റെ മഹിമയെ (മഹത്വത്തെ) വർണ്ണിക്കുമ്പോൾ അതൊരു ഏറ്റുപാടൽ ആവാതിരിക്കേണമെങ്കിൽ അത്ഭുതപ്രകാശമെന്നത് അനുഭവവേദ്യമായിത്തീരണം.

നമ്മുടെ കർത്താവിനെ ഈ ഭൂമിയിൽ ഘോഷിക്കുമ്പോൾ നാം വർണ്ണിക്കേണ്ടുന്നത് നാം ആരാണെന്നതിനെക്കുറിച്ചല്ല പ്രത്യുത, നമ്മെ ആരിലേക്ക് ഇപ്പോൾ ചേർത്തിരിക്കുന്നു എന്നതിനെക്കുറിച്ചത്രേ. അത് സർവ്വശക്തമായ ദൈവം മാത്രമാണ്. സകല സ്തുതിയും ആരാധനയും പുകഴ്ചയും മഹത്വവും നമ്മുടെ ദൈവത്തിനുമാത്രം!

ആ മഹത്വത്തിന്റെ താഴെയാണ് തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയായും രാജകീയപുരോഹിതവർഗ്ഗമായും വിശുദ്ധവംശമായും സ്വന്തജനമായും നാം നിലകൊള്ളുന്നത്.

ഇപ്രകാരം നിലകൊള്ളണമെങ്കിൽ ആത്മീയ ഗൗരവം നമ്മിൽ ഉടലെടുക്കേണ്ടതല്ലയോ? എല്ലാം താനേ സംഭവിക്കും എന്നുള്ളതു വിശ്വാസമല്ല അതൊരു വെറുംവാക്കുമാത്രമാണ്.
നമുക്കു പ്രാർത്ഥിക്കാം, ശിഷ്യനെന്നോ ശുശ്രൂഷകനെന്നോ വ്യത്യാസംകൂടാതെ നമുക്കു പ്രാർത്ഥിക്കാം. ദൈവമേ, അത്ഭുതപ്രകാശമാകുന്ന അങ്ങയിലേക്കു വിളിച്ച അങ്ങയുടെ ശ്രേഷ്ഠമേറിയ വിളിക്കൊത്തവണ്ണം അന്ത്യംവരെയും ദൈവം അങ്ങ് ആഗ്രഹിക്കുന്ന ആത്മീയ ഗൗരവത്തോടെ ജീവിക്കാനും ശുശ്രൂഷ ചെയ്യുവാനും എന്നെയും കുടുംബത്തെയും അങ്ങു സഹായിക്കുകയും ശക്തീകരിക്കുകയും വഴിനടത്തുകയും ചെയ്യേണമേ. ഇതുവരെ നൽകിയ എല്ലാ ദാനങ്ങൾക്കുമായി സ്തോത്രം ചെയ്യുന്നു. ഞങ്ങളെ സഹായിക്കേണമേ. ആമേൻ!

- ജിബി തോമസ്

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ

നാം ദൈവത്തിനു നഷ്ടപ്പെടാതിരിക്കുക എന്നതാണ് നമ്മുടെമേലുള്ള ദൈവത്തിന്റെ യഥാർത്ഥ കരുതൽ.

God's real concern for us is that we should not be lost to God.

- Divine Hope Missionaries (Bristol,UK)

നമ്മുടെ സഹായത്തിനായി 1 മില്യൺ ആളുകൾ കൂടെയുണ്ടായാലും അതിന്റെ 10 മില്യൺ ഇരട്ടി ദൈവശബ്ദം നമ്മുടെ കൂടെയുണ്ടെങ്കിൽ മാത്രമേ ദൈവത്തിനായി മുന്പോട്ടുപോവാൻ കഴിയൂ.

Even if we have one million people on our side, one could only move forward , if they have ten times more of God’s voice accompanying them.

- Divine Hope Missionaries (Bristol,UK)

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL